LIBRARY ARCHIVES Kerala Legislative Assembly

### റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ

269 (957) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂക്കുറ്റി വില്ലേജിലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് ആലപ്പുഴ കളക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത്; അതിൽ തീർപ്പുകൽപ്പിച്ചവ എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും തീർപ്പുകൽപ്പിക്കാനുള്ള പരാതികൾ എത്ര; തീർപ്പാക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതികളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി ബഹു. മന്ത്രി കൂടി ഉൾപ്പെടുന്ന ഒരു അദാലത്ത് സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അരൂക്കുറ്റി വില്ലേജിലെ റീ-സർവ്വേയുമായി ബന്ധപ്പെട്ട് ചേർത്തല താലൂക്കാഫീസിൽ 4996 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 4277 അപേക്ഷകളിന്മേൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 719 അപേക്ഷകൾ. ഈ അപേക്ഷകളിൽ സർവ്വേയറുടെ ഫീൽഡ് പരിശോധന, ഡ്രാഫ്റ്റ്സ്മാന്റെ സൂക്ഷ്മ പരിശോധന, ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ അംഗീകാരം ലഭ്യമാക്കുക തുടങ്ങിയ നടപടികൾ നടന്നുവരുന്നു.

(സി) സർവ്വേയറുടെ ഫീൽഡ് പരിശോധനാ സമയത്ത് വ്യക്തമായ കൈവശവസ്തു ഇല്ലാതിരിക്കുക, വ്യക്തമായ അതിരടയാളം ഉണ്ടാകാതിരിക്കുക, അതിർത്തി തർക്കമുള്ളവ, ഒറിജിനൽ പ്രമാണങ്ങൾ ഹാജരാക്കാത്തവ തുടങ്ങിയ അപേക്ഷകളിന്മേലാണ് നടപടി സ്വീകരിക്കുവാൻ കാലതാമസം നേരിട്ടുവരുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

### കെ.ഡി.എച്ച്. നിയമപ്രകാരമുള്ള ഭൂമി വിതരണം

270 (958) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡി.എച്ച്. നിയമ പ്രകാരം ദേവികുളം താലൂക്കിൽ ഭൂരഹിത കർഷകർക്ക് പതിച്ച് നൽകുവാനായി എത്ര ഭൂമി നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്ക് പട്ടയ നടപടികൾ പൂർത്തീകരിച്ച് ഭൂമി വിട്ടു നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വേ നടപടികൾക്ക് പ്രത്യേക ടീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ സർവ്വേ നടപടികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ദേവികുളം താലൂക്ക് ഓഫീസിലെ ബി2-1874/16-ലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻെറ ഉത്തരവ് നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1971-ലെ കെ.ഡി.എച്ച്. ഭൂമി വീണ്ടെടുക്കൽ നിയമപ്രകാരം കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനിയിൽ നിന്നും സർക്കാരിലേക്ക് ഏറ്റെടുത്തതിൽ മാങ്കുളം പ്രദേശത്തുള്ള 5189 ഏക്കർ ഭൂമി ഭൂരഹിതർക്ക് പതിച്ചുനൽകുന്നതിന് പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. അതിൽ 524 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) നിലവിലുണ്ട്. ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികളുടെ ഭാഗമായി മാങ്കുളം റിസർവ് വനത്തിന്റെ അതിർത്തികൾ നിശ്ചയിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സർവ്വേ നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ബഹു. കേരള ഹൈക്കോടതിയുടെ W.A. 831/2014 നമ്പർ വിധി പ്രകാരം ദേവികുളം താലൂക്കിലെ ബി2/1874/2016 നമ്പർ ഫയൽ പ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകൃതമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കുന്നതിലുള്ള നിയമപരമായ തടസ്സങ്ങൾ ചൂണ്ടിക്കാട്ടി 6-6-2016-ന് ജില്ലാ കളക്ടർ കമ്മീഷന് മറുപടി നൽകിയിട്ടുണ്ട്. ബഹു. കമ്മീഷന്റെ ഉത്തരവിൽ ഉൾപ്പെട്ടവർ അംഗീകൃത ഗുണഭോക്താക്കൾ അല്ലാത്തതിനാലും ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികൾ തുടർന്നുവരുന്നതിനാലും സെറ്റിൽമെന്റ് നടപടികളും, അംഗീകൃത ഗുണഭോക്താക്കൾക്കുള്ള ഭൂമി വിതരണവും പൂർത്തിയാക്കിയതിനു ശേഷമേ പരാതിക്കാരുടെ പേരിലുള്ള ഭൂമി പതിവ് പരിഗണിക്കാനാവൂ.

## കോതമംഗലം താലൂക്കിൽപ്പെട്ട വില്ലേജുകളിലെ റീ-സർവ്വേ നടപടികൾ

271 (959) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ കുട്ടംപുഴ വില്ലേജിൽ ഒഴികെ ബാക്കി വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly